പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4204 13.12.2018 ലെ മറുപടിക്ക്

## പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ വില്പന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| എ) കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | എ) കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു. |

**കയർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും വിതരണം ചെയ്യുന്ന വിവിധ ധനസഹായങ്ങളും, അവയുടെ നിരക്കുകളും**

| നം | ഇന വിവരം | അർഹത | ലഭിക്കുന്ന ആനുകൂല്യം |
| --- | --- | --- | --- |
| 1 | വിവാഹ ധനസഹായം | വനിതാ അംഗത്തിനും അംഗത്തിന്റെ പെൺമക്കൾക്കും | 2000/- രൂപ |
| 2 | പ്രസവാനുകൂല്യം | വനിതാ അംഗത്തിനു മാത്രം. | 15000/- രൂപ |
| 3 | ചികിത്സാ സഹായം | അംഗത്തിന്റെയും ആശ്രിതരുടെയും ചികിത്സയ്ക്ക് | 1000/- രൂപ |
| 4 | ശാരീരിക അവശത സ്ഥിരമായ അസ്വാധീനം | അംഗത്തിനു സ്ഥായിയായ അവശതയുണ്ടായാൽ | 2500/- രൂപ ധനസഹായവും തുടർന്ന് പ്രതിമാസം 1100/- രൂപ പെൻഷനും |
| 5 | താൽക്കാലിക അസ്വാധീനം | അംഗങ്ങൾക്ക് | 600/- രൂപ |
| 6 | അപകട മരണം | അംഗത്തിന്റെ ജീവിത പങ്കാളിക്ക് | 10000/- രൂപ |
| 7 | ശവസംസ്കാര ധനസഹായം | അംഗമോ, ആശ്രിതരോ മരണപ്പെടുമ്പോൾ | 1000/- രൂപ |
| 8 | വിദ്യാഭ്യാസ | അംഗങ്ങളുടെ | |

| | | | |
|---|---|---|---|
| | ധനസഹായം | മക്കളുടെ എസ് എസ് എൽ സിക്കു ശേഷമുള്ള പഠനത്തിന് എഞ്ചിനീയറിംഗ്, മെഡിക്കൽ അഗ്രിക്കൾച്ചർ കോഴ്സുകൾക്ക് | 750/- രൂപ<br>3000/- രൂപ |
| 9 | ആബി സ്കോളർഷിപ്പ് | എൽ.ഐ.സിയുടെ ആം ആദ്മി ബീമ യോജന ഇൻഷ്വറൻസിൽ അംഗങ്ങളായവരുടെ മക്കൾക്ക് 9, 10, +1, +2, ഐ.ടി.ഐ, കോഴ്സുകൾക്ക് | 1200/- രൂപ പ്രകാരം |
| 10 | അപകട മരണ നഷ്ടപരിഹാരം | എൽ.ഐ.സിയുടെ ആം ആദ്മി ബീമ യോജന ഇൻഷ്വറൻസ് അംഗങ്ങൾക്ക് ധനസഹായം ലഭിക്കും. | അപകട മരണത്തിന് 75000/- രൂപയും സ്വാഭാവിക മരണത്തിന് 30000/- രൂപയും |
| 11 | അപകടത്താലുണ്ടാകുന്ന അംഗവൈകല്യത്തിന് | എൽ.ഐ.സിയുടെ ആം ആദ്മി ബീമ യോജന ഇൻഷ്വറൻസ് അംഗങ്ങൾക്ക് അംഗത്തിന് | പൂർണ്ണ അംഗവൈകല്യത്തിന് 75000/- രൂപയും ഭാഗികമായ അംഗവൈകല്യത്തിന് 37500/- രൂപയും |
| 12 | കയർ തൊഴിലാളി പെൻഷൻ | ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് 60 വയസ്സ് പൂർത്തീകരിച്ച് നിധിയുടെ പരിരക്ഷ ലഭിക്കാത്ത മുൻകയർ തൊഴിലാളികൾക്കും ക്ഷേമനിധി അംഗമായി വിഹിതം അടച്ച് 60 വയസ്സിൽ വിരമിക്കുന്ന തൊഴിലാളികൾക്കും. | 1100/- രൂപ (പ്രതിമാസം) |
| 13 | കുടുംബ പെൻഷൻ | മരണമടഞ്ഞ അംഗത്തിന്റെ / പെൻഷണറുടെ | 1000/- രൂപ (പ്രതിമാസം) |

<table>
<tr>
<td></td>
<td>
<table>
<tr><td></td><td></td><td>ജീവിത പങ്കാളിക്ക്</td><td></td></tr>
<tr><td>14</td><td>വിരമിക്കൽ ആനുകൂല്യം</td><td>നിയമപ്രകാരം ക്ഷേമനിധിയിൽ നിന്നും വിരമിക്കുന്ന അംഗങ്ങൾക്ക്</td><td>അംഗത്വ കാലാവധി കണക്കാക്കി പ്രതിവർഷം 500/ രൂപ ക്രമത്തിൽ 2500/ മുതൽ 15000/- രൂപ വരെ</td></tr>
</table>
</td>
</tr>
<tr>
<td>ബി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയറുല്പന്നങ്ങൾ ശേഖരിക്കാനും അവ വിറ്റഴിക്കാനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?</td>
<td>ബി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ചെറുകിട കയർ ഉല്പന്നനിർമ്മാതാക്കൾക്ക് സാങ്കേതിക സാമ്പത്തിക അനുബന്ധ സഹായങ്ങൾ നൽകിക്കൊണ്ട് നിരന്തരമായി ഉല്പാദനം നടത്തുന്നതിനും അവരുടെ ഉലപ്പന്നങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ ക്രയവില നൽകുന്നതിനും കഴിയുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നത് വഴി തൊഴിലാളികൾക്ക് കൃത്യമായ കൂലിയും മറ്റ് ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി തന്നെ കയറ്റുമതി ചെയ്യുന്നതിനുള്ള വിവിധ പ്രോത്സാഹന പ്രവർത്തനങ്ങൾ കയറ്റുമതി സ്ഥാപനങ്ങൾക്ക് നൽകുകയും ഊർജ്ജസ്വലരാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം മിച്ചം വരുന്ന ഉല്പന്നങ്ങൾ പ്രത്യേക വിപണന ക്യാംപെയിനുകൾ വഴി പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ചേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും വിൽപ്പന നടത്തുന്നു. ഇതുവഴി കയർപിരി സംഘങ്ങളുടെ കയർ യഥാസമയം സംഭരിച്ച് വിൽപ്പന നടത്തുന്നതിനും കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങൾക്ക് ന്യായവിലക്ക് പ്രധാന അസംസ്കൃത വസ്തുവായ കയർ ലഭ്യമാക്കുന്നതിനുള്ള നടപടിയും കയർഫെഡ് ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>പരമ്പരാഗത കയറും കയർ ഉൽപ്പന്നങ്ങളും പരിധിയില്ലാതെ സംഭരിക്കുകയാണ്. ഇവയുടെ സംഭരണത്തിൽ ഗണ്യമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

9